# ആസിയാൻ കരാറിന്റെ ചതിക്കുഴികൾ

കാർഷിക മേഖലയുടെ തകർച്ചക്ക് കാരണം കാലാവസ്ഥ വ്യതിയാനമോ വരൾച്ചയോ വെള്ളപ്പൊക്കമോ കീട - രോഗ ശല്യമോ കാരണമുണ്ടായ കൃഷിനാശം മൂലമല്ലെന്നും കഴിഞ്ഞ ഒന്നരദശകത്തിലേറെയായി ഇന്ത്യൻ ഭരണനേതൃത്വം അനുവർത്തിച്ചുവരുന്ന നവലിബറൽ നയങ്ങൾമൂലമാണെന്നും സോണിയാഗാന്ധിയും, മൻമോഹൻസിങ്ങും, മൊണ്ടേക്സിങ്ങ് അലുവാലിയയും, പി. ചിതംബരവും, ശരത്പവാറും സമ്മതിച്ചുതരില്ല. ആഗോളമാന്ദ്യത്തിന്റെ മുന്നിലും ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചാനിരക്കിൽ വലിയ കുറവുണ്ടായില്ല എന്ന് വീമ്പിളക്കുന്ന അവർ ഇന്ത്യൻ കാർഷികമേഖലയുടെ വളർച്ചാനിരക്ക് കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ കേവലം രണ്ടുശതമാനത്തിൽ താഴെമാത്രമായിരുന്നുവെന്നത് സമ്മതിക്കുമോ? രണ്ടായിരാമാണ്ടുകളുടെ ആദ്യവർഷത്തിൽ അരങ്ങേറിയ ലക്ഷക്കണക്കിന് കർഷക ആത്മഹത്യകളുടെ ആവർത്തനം അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ആസിയാൻ കരാർ നടപ്പിലാക്കുന്നതിലൂടെ ഇന്ത്യയിലുണ്ടാകുമെന്നു് ഉറപ്പാണ്. ഇതിന്റെ ഏറ്റവും വലിയ ആഘാതം നേരിടേണ്ടിവരിക കേരളത്തിലെ മലയോര കർഷകരും തീരദേശത്തെ മത്സ്യ തൊഴിലാളികളും കയർ - കൈത്തറി - കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികളുമായിരിക്കും. ഈ പശ്ചാത്തലത്തിൽ ഉദാരവൽക്കരണത്തിന്റെ പാത സ്വീകരിച്ചശേഷം ഇന്ത്യ നടപ്പാക്കിയതും നടപ്പാക്കാൻ പോകുന്നതുമായ സ്വതന്ത്ര വ്യാപാര കരാറുകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു.

ആസിയാൻ കരാറിന്റെ യഥാർത്ഥ ചിത്രം രാജ്യത്തിനും ജനങ്ങൾക്കും മുമ്പിൽ വെളിപ്പെടുത്താൻ പ്രധാനമന്ത്രുഗയും കേരളനേതാക്കളും കൂട്ടാക്കാതിരിക്കുന്നത് ബോധപൂർവ്വമാണ്. ഇന്ത്യ ഈ കരാറിന് അന്തിമ തീരുമാനം കൈക്കൊണ്ടുകഴിഞ്ഞു എന്നതാണ് വസ്തുത, പൂർണ കീഴടങ്ങലിലാണ് ഇന്ത്യ. ഇനി ഈ കരാറിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഒരു സാധ്യതയും കാണുന്നില്ല. അടുത്ത ദോഹ ഉച്ചകോടിയിൽ ഇന്ത്യ സ്വീകരിക്കാൻ പോകുന്ന നയ സമീപനങ്ങളുടെ നാന്ദികുറിയാണ് ഈ കരാർ.

1994 ഏപ്രിൽ 16 ന് ഒപ്പുവെച്ച ഗാട്ട്കരാർ പകാരം 1995 ജനുവരി ഒന്നിന് നിലവിൽ വന്ന ലോകവ്യാപാരസംഘടനയിൽ ഇന്ത്യ അംഗമായിചേർന്നത് വേണ്ടത്ര ഗൃഹപാഠമോ മുൻകരുതലുകളോ നടത്താതെയായിരുന്നു. ഏറെ സാമ്പത്തികവളർച്ച നേടിയ ചൈന നീണ്ട 15 വർഷത്തെ മുന്നൊരുക്കങ്ങൾക്കും ചർച്ചകൾക്കും ശേഷമാണ് ഡബ്ല്യു ടി ഒയിൽ അംഗമായത്. റഷ്യ യാകട്ടെ നർഷങ്ങളുടെ കാത്തിരിപ്പിന് ശേഷമാണ് ഡബ്ല്യു ടി ഒയിൽ പ്രവേശനം നേടിയത്. അപക്വമായ തീരുമാനങ്ങൾ എടുക്കുന്നതിൽ ആരെയും പിന്നിലാക്കുന്ന നമ്മുടെ കേന്ദ്രനേതൃത്വം കക്ഷിഭേദമെന്യേ അമേരിക്കയുടെയും യൂറോപ്യൻ യൂണിയന്റെയും വലയിൽ വീണതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

ജനീവയിലും സിയാറ്റിലിലും ദോഹയിലും കാൽക്കുണിലും ഹോങ്കോങ്ങിലും നടന്ന ലോകവ്യാപാരചർച്ചകളിൽ വാണിജ്യമന്ത്രാലയത്തിന്റെ നേതൃത്വത്തിൽ വലിയ പടയൊരുക്കത്തോടെ പങ്കെടുത്തിട്ടും ഇന്ത്യയിലെ കർഷകരുടെയും ചെറുകിട വ്യാപാരികളുടെയും വ്യവസായികളുടെയും മത്സ്യത്തൊഴിലാളികളുടെയും കൈത്തറി മേഖലയുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഇന്ത്യ അമ്പേ പരാജയപ്പെടുകയാണുണ്ടായത്. ദോഹവട്ടചർച്ച തന്നെ അവതാളത്തിലാകുമെന്ന ആശങ്കയാണ് ഇന്ന് നിലനിൽക്കുന്നത്. നാളിതുവരെയുള്ള അനുഭവം പരിഗണിച്ചാൽ ലോകവ്യാപാര കരാർ നടപ്പാക്കിയതുവഴി ഇന്ത്യയിലെ കുറെ ആയിരം "സൈബർ കൂലികൾക്ക് അമേരിക്കയിലും യൂറോപ്പിലും കരാർ പണിക്ക് അവസരം ലഭിച്ചുവെന്നതിലുപരി എന്ത് നേട്ടമാണ് നമ്മുടെ

കാർഷിക വ്യവസായ ആരോഗ്യമേഖലകളിൽ ഉണ്ടാക്കാൻ കഴഞ്ഞതെന്ന ഇന്ത്യൻ ഭരണ കൂടം വ്യക്തമാക്കേണ്ടതല്ലേ? ഇന്ന് അവരുടെ കാര്യവും കഷ്ടത്തിലാണ്. ഇക്കാലയളവിൽ ഇന്ത്യൻ വിപണിയും ഷെയർ മേഖലയും ഇൻഷ്വറൻസ്, ബാങ്കിംഗ് തുടങ്ങിയ മറ്റു സാമ്പത്തിക മേഖലകളിലും വിദേശ നിക്ഷേപകർക്ക് പച്ചപ്പരവതാനി വിരിക്കുവാനല്ലേ നമ്മുടെ ഭരണകർത്താക്കൾ ശ്രമിച്ചുപോന്നത്. നിനച്ചിരിക്കാതെ ലോക മുതലാളിത്തത്തെ ഗ്രസിച്ച ആഗോളസാമ്പത്തിക മാന്ദ്യം വന്നില്ലായിരുന്നെങ്കിൽ ഇന്ത്യയിലെ ബഹുസഹസ്രം സാധാരണക്കാരുടെ ഇന്നത്തെ സ്ഥിതി എന്താകുമായിരുന്നുവെന്ന് ഊഹിക്കാൻ പോലും സാധ്യമല്ല.

ബഹുതലവ്യാപാരക്കരാറിന്റെ പ്രത്യാഘാതങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കെയാണ് വേണ്ടത്ര വീണ്ടുവിചാരമില്ലാതെ ഉഭയകക്ഷി കരാറുകളിലും പ്രാദേശിക സ്വതന്ത്രവ്യാപാരക്കരാറുകളിലും ഇന്ത്യാ മഹാരാജ്യം ചെന്നുവീണുകൊണ്ടിരിക്കുകയാണ്. 1998 ഡിസംബർ 28 ന് ഒപ്പുവെച്ചതും 2000 മാർച്ച് ഒന്നു മുതൽ നിലവിൽ വന്നതുമായ ഇന്ത്യ ശ്രീലങ്കകരാറാണ് ആദ്യത്തെ പ്രധാന ഉഭയകക്ഷിക്കരാർ. തുടർന്ന് 2002 മാർച്ചിൽ ഇന്ത്യ നേപ്പാൾ കരാർ നിലവിൽ വന്നു. മൗറീഷ്യസ്, മലേഷ്യ, തായ്‌ലന്റ്, സിംഗപ്പൂർ, ഇന്തോനേഷ്യ തുടങ്ങി രാജ്യങ്ങളുമായി ഉഭയകക്ഷി കരാറുകളിൽ ഇന്ത്യ ഒപ്പുവെക്കുകയുണ്ടായി. എന്നാൽ ഈ കരാറുകളെക്കാളെല്ലാം പ്രത്യാഘാതങ്ങളുണ്ടാക്കുന്നവയാണ് സ്വതന്ത്രവ്യാപാരമേഖലകളെ സംബന്ധിച്ചുള്ള ബഹുകക്ഷിക്കരാറുകൾ.

2006 ജൂലൈ ഒന്നുമുതൽ നിലവിൽ വന്ന ദക്ഷിണേന്ത്യൻ സ്വതന്ത്രവ്യാപാരക്കരാർ (സാഫ്ത്ത) സാർക്ക് രാജ്യങ്ങൾ തമ്മിലുള്ള വളരെ പ്രാധാന്യമർഹിക്കുന്ന ഉടമ്പടിയാണ്. 1995 ൽ ദക്ഷിണേഷ്യൻ രാജ്യങ്ങളായ ഇന്ത്യ, പാകിസ്ഥാൻ, ശ്രീലങ്ക, ബംഗ്ലാദേശ്, നേപ്പാൾ, ഭൂട്ടാൻ, മാലിദ്വീപ് എന്നിവ ചേർന്ന് പരസ്പര സഹകരണത്തിനായി രൂപീകരിച്ച സഖ്യമാണ് സാർക്ക് എന്നറിയപ്പെടുന്നത്. 2004 ൽ ഇസ്ലാമാബാദിൽ ഒപ്പുവെച്ച സാഫ്ത്ത കരാർ ഇപ്പോൾ പ്രയോഗത്തിലാണ്. സാർക്ക് രാജ്യങ്ങളെ തീരെ അവികസിതമെന്നും അവികിസതമല്ലാത്തവയെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഇന്ത്യാ, പാകിസ്ഥാൻ, ശ്രീലങ്ക എന്നിവ അവികസിതമല്ലാത്ത ഗണത്തിലും ഭൂട്ടാൻ, മാലിദ്വീപ്, നേപ്പാൾ, ബംഗ്ലാദേശ് എന്നിവ തീരെ അവികസിതം എന്നുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്വതന്ത്രവ്യാപാരം മേൽപ്പറഞ്ഞ രാജ്യങ്ങൾ തമ്മിൽ നടപ്പാക്കുന്നതിനുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്നത്തെ കരാർ അനുസരിച്ച് രണ്ട് വർഷത്തിനുള്ളിൽ ഇന്ത്യ, പാകിസ്ഥാൻ, ശ്രീലങ്ക എന്നിവ വിവിധ ഉത്പനങ്ങളുടെ ഇറക്കുമതിച്ചുങ്കം 20 ശതമാനമായി കുറക്കണമെന്നും മറ്റുതീരെ അവികസിതരാജ്യങ്ങൾ ഇറക്കുമതിച്ചുങ്കം 30 ശതമാനമായി കുറക്കണമെന്നും നിർദ്ദേശിച്ചിരുന്നു. അഞ്ചു വർഷത്തിനുള്ളിൽ ഇന്ത്യയും പാകിസ്ഥാനും ഇറക്കുമതി തീരുവപൂജ്യം മുതൽ അഞ്ചു ശതമാനം വരെയും (ശ്രീലങ്ക ആറുവർഷത്തിനുശേഷം) മറ്റു രാജ്യങ്ങൾ നിരക്ക് എട്ടുവർഷത്തിനുശേഷം കുറവു വരുത്തണമെന്നും നിർദ്ദേശിക്കുന്നു. വ്യാപാര ഉദാരവത്കരണത്തിന്റെ ഭാഗമായി 2006 ജൂലൈ മുതൽ പാകിസ്ഥാനിലും ശ്രീലങ്കയിലും നിന്നുള്ള 380 ഉത്പന്നങ്ങളുടെ താരിഫ് നിരക്കിൽ കുറവുവരുത്തിക്കഴിഞ്ഞു നമ്മൾ. ഇതനുസരിച്ചുള്ള നികുതി നിരക്കുകൾ അഞ്ചു ശതമാനം മുതൽ 117.5 ശതമാനം വരെയാണ്. ഇതേ രീതിയിൽ 380 ഇനങ്ങൾക്ക് തീരെ അവികസിതരാജ്യങ്ങളിൽ നിന്നും അഞ്ചുശതമാനം മുതൽ 100 ശതമാനംനിരക്കിൽ ഇറക്കുമതിയിളവ് അനുവദിച്ചിട്ടുണ്ട്.

സ്വതന്ത്രവ്യാപാരം നിലവിൽ വരുന്നതോടെ ഓരോ രാജ്യത്തിലും ഉണ്ടായേക്കാവുന്ന ഇറക്കുമതി ഉത്പന്നങ്ങളുടെ കുത്തൊഴുക്ക് തടയാൻ പ്രാധാന്യമുള്ള കുറെ ഉത്പന്നങ്ങളെ സെൻസിറ്റീവ് ലിസ്റ്റിൽ (ദുർബലപട്ടിക) ഉൾപ്പെടുത്തുവാൻ വ്യവസ്ഥയുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം സാർക്ക് രാജ്യങ്ങളിലെ കാർഷികോത്പന്നങ്ങൾ മിക്കവയും നമ്മുടെ

കാർഷികോത്പന്നങ്ങളുമായി ഒട്ടേറെ സമാനതകളുള്ളതിനാൽ ഈ കരാറിന്റെ മറവിൽ കാർഷികോത്പന്നങ്ങൾ ഇന്ത്യൻ വിപണിയിലേക്ക് ഒഴുകിയെത്തുന്നത് വലിയ തിരിച്ചടിയാണ്. ഇതിനു റൂൾസ് ഓഫ് ഒറിജിൻ (ഉത്ഭവരാജ്യം) എന്ന വ്യവസ്ഥ പല രാജ്യങ്ങളും പാലിക്കാറില്ല എന്നതാണ് യാഥാർഥ്യം. ഇതനുസരിച്ച് തായ്‌ലാന്റ്, വിയറ്റ്നാം, മലേഷ്യ എന്നിവിടങ്ങളിൽ നിന്നും കുറഞ്ഞ വിലക്കുള്ള കുരുമുളക് നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നും അവരുടേതെന്ന പേരിൽ ഇന്ത്യയിലെത്തുന്നുണ്ട്. ഗ്വാട്ടിമാലയിൽ നിന്നുള്ള ഏലവും മ്യാൻമറിൽ നിന്നുള്ള ഇഞ്ചിയും മഞ്ഞളും കെനിയയിൽ നിന്നുള്ള തേയിലയും ഫിലിപ്പൈൻസിൽ നിന്നുള്ള നാളികേരോത്പന്നങ്ങളും സാർക്ക് കരാറിന്റെ മറവിൽ ഇന്ത്യയിലെത്തുന്നു. ഈ നിയമവിരുദ്ധ ഇറക്കുമതി നേരിടാൻ പല നിർദ്ദേശങ്ങളും കേരളം 2006 മാർച്ച് ഏഴിന് കേന്ദ്രത്തിന്റെ മുന്നിൽ സമർപ്പിച്ചിട്ടും ഒന്നു പോലും നാളിതുവരെ നടപ്പാക്കാനായിട്ടില്ല. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ശ്രീലങ്കയിൽ നിന്നുള്ള കുരുമുളകിന്റെ ഇറക്കുമതിക്ക് അളവുനിയന്ത്രണം ഏർപ്പെടുത്തുക, ഇറക്കുമതി ചെയ്ത ശേഷം കയറ്റുമതിക്കുള്ള കുരുമുളകിന്റെ മൂല്യവർധന 30 ശതമാനമെങ്കിലുമാക്കുക, ഇറക്കുമതി ചെയ്യപ്പെടുന്ന കേരളത്തിന് താത്പര്യമുള്ള ഉത്പന്നങ്ങൾ മെച്ചപ്പെട്ട പരിശോധനക്കായി കൊച്ചി തുറമുഖം വഴി അയക്കുക എന്നിവയായിരുന്നു. പാമോയിലിന്റെ ഇറക്കുമതി ബേപ്പൂരിലും കൊച്ചിയിലും വഴി നടത്തിയിരുന്നത് നിരോധിക്കാൻ സംസ്ഥാന സർക്കാർ അനുഭവിച്ച വിഷമതകൾ ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. മേൽ നിയന്ത്രണങ്ങളെല്ലാം ഉണ്ടായിട്ടും ശ്രീലങ്ക വഴിയുള്ള കാർഷികോത്പന്നങ്ങളുടെ ഇറക്കുമതി കാരണം കേരളത്തിലെ കുരുമുളക്, ഏലം, അടക്ക, റബ്ബർ, കാപ്പി, ഇഞ്ചി, മഞ്ഞൾ, നാളികേരോത്പന്നങ്ങൾ, കയർ, കശുവണ്ടി, തേയില എന്നിവയ്ക്കെല്ലാം ഗുരുതരമായ വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുകയാണ്. താരതമ്യേന ചെറിയ രാജ്യങ്ങളായ നേപ്പാളും ശ്രീലങ്കയും നടത്തുന്ന കയറ്റുമതി വിപണിയിലെ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വേണം വരുന്ന ഡിസംബറിൽ നിലവിൽ വരുമെന്ന് കേന്ദ്രസർക്കാർ തീരുമാനമെടുത്തിരിക്കുന്ന ആസിയാൻ കരാറിനെ വിലയിരുത്തേണ്ടത്.

വിയറ്റ്നാം, ഇന്തോനേഷ്യ, തായ്‌ലന്റ്, സിംഗപ്പൂർ, ബ്രൂണായ്, കമ്പോഡിയാ, ലാവോസ്, മലേഷ്യ, മ്യാൻമർ, ഫിലിപ്പൈൻസ് എന്നീ 10 രാജ്യങ്ങളുമായി ഏർപ്പെടുന്ന കരാറിനെയാണ് ദക്ഷിണപൂർവ്വേഷ്യൻ കരാർ അഥവാ ആസിയാൻ കരാർ എന്നറിയപ്പെടുന്നത്. ഇപ്പോൾ പ്രധാനമായും കാർഷികോത്പന്നങ്ങളെയും സമുദ്രോത്പന്നങ്ങളെയും തുണിത്തരങ്ങളെയും ആണ് കരാറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കരാറിന്റെ രണ്ടാംഘട്ടമായി സേവനനിക്ഷേപമേഖലകളിലെ സഹകരണത്തിനുള്ള നിബന്ധനകളും അംഗീകരിക്കപ്പെടുന്നത്. പാമോയിൽ അടക്കമുള്ള ഭക്ഷ്യ എണ്ണകൾ, കുരുമുളക്, തേയില, ഏലം, കാപ്പി, റബ്ബർ, അടക്ക, കശുവണ്ടി, മഞ്ഞൾ, ഇഞ്ചി, കയർ, ചകിരിനാര്, മറ്റ് സുഗന്ധവ്യഞ്ജനങ്ങൾ സമുദ്രോത്പന്നങ്ങൾ തുടങ്ങി മുന്നൂറിലേറെ കാർഷികോത്പന്നങ്ങളും മറ്റ് സംസ്കരിച്ച ഉത്പന്നങ്ങളും യാതൊരു അളവുനിയന്ത്രണവുമില്ലാതെ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാൻ അനുമതി നൽകുന്നതാണ് നിർദ്ദിഷ്ട ആസിയാൻ കരാർ. സാർക്ക് കരാറിൽ നിർദ്ദേശിച്ചിരുന്നത് മാതിരിയുള്ള യാതൊരു നിയന്ത്രണ പട്ടികയും ആസിയാൻ കരാറിലില്ല എന്നതാണ് എടുത്തുപറയേണ്ട ഗൗരവമേറിയ വസ്തുത.

ദക്ഷിണപൂർവേഷ്യൻ രാജ്യങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും ചൈനയുടെ മുന്നേറ്റത്തെ ചെറുക്കുന്നതിനും കരാർ അനിവാര്യമാണെന്നും ഇനി ഇതിൽ നിന്നും പിൻമാറാനാകില്ലെന്നും പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗ് ഇതിനകം വ്യക്തമാക്കിക്കഴിഞ്ഞു. ആസിയാൻ രാജ്യങ്ങളുടെ വാശിക്കുമുന്നിൽ കേന്ദ്രം കീഴടങ്ങിയതിന്റെ തെളിവാണ് ഈ പ്രസ്താവന. അസംസ്കൃത ഭക്ഷ്യ എണ്ണകൾ, കുരുമുളക്, തേയില, കാപ്പി എന്നിവയുടെ തീരുവ കുറക്കൽ നടപടി 2018 വർഷത്തോടെ പൂർത്തിയാക്കണമെന്നുമാണ്

ആസിയാൻ രാജ്യങ്ങൾ വാശിപിടിച്ചിരിക്കുന്നത്. തീരുവരഹിത പട്ടികയിൽ കൂടുതൽ ഉത്പന്നങ്ങൾ ഉൾപ്പെടുത്തണമെന്ന് അവർ ആവശ്യപ്പെട്ടിരുന്നു. തീരുവ അമ്പത് ശതമാനം ആക്കാമെന്നും ഘട്ടം ഘട്ടമായി 2022 വർഷത്തോടെ അത് പൂർത്തിയാക്കാമെന്നുമുള്ള ഇന്ത്യയുടെ നിലപാടിൽ നിന്ന് നാം പിന്നോട്ടുപോയിരിക്കുകയാണ്. തീരുവ കുറക്കാൻ സമ്മതമല്ലാത്ത ദുർബല ഉത്പന്നപട്ടികയിൽ 490 ഇനങ്ങൾ ഉൾപ്പെടുത്താൻ ഇന്ത്യയും ആസിയാൻ രാജ്യങ്ങളും മുമ്പ് നടത്തിയ ചർച്ചയിൽ സമവായത്തിലെത്തിയിരുന്നു. എന്നാൽ ഇപ്പോൾ കൂടുതൽ ഉത്പന്നങ്ങൾ ദുർബലപട്ടികയിൽ നിന്നു പുറത്തുപോയിരിക്കുന്നു. തേയിലയും കാപ്പിയും കുരുമുളക് അടക്കമുള്ള സുഗന്ധവ്യഞ്ജനങ്ങളും സമുദ്രോത്പന്നങ്ങളും നാളികേരോത്പന്നങ്ങളും റബ്ബറും ദുർബലപട്ടികയിൽ നിന്ന് പുറത്തുപോയാൽ ഉണ്ടാവുന്ന ഗുരുതരമായ പ്രത്യാഘതങ്ങൾ കേരളത്തിലെ ഒന്നരക്കോടിയിലധികം വരുന്ന കർഷകരുടെയും 20 ലക്ഷത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികളുടെയും നട്ടെല്ലൊടിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. സാർക്ക് രാജ്യങ്ങളോടും ആസിയാൻ രാജ്യങ്ങളോടും അളവറ്റ മമതയും വ്യാപാരകാര്യങ്ങളിൽ മൃദുസമീപനവും സ്വീകരിക്കുന്ന ഇന്ത്യൻ ഭരണാധികാരികൾ രാജ്യത്തെ കർഷകരോട് പൊതുവെയും കേരളത്തോട് പ്രത്യേകിച്ചും കാണിക്കുന്ന ക്രൂരത പൊറുക്കാവുന്നതല്ല.

കൃഷി ഒരു സംസ്ഥാന വിഷയമാണെന്നംഗീകരിച്ച നമ്മുടെ രാജ്യത്ത് സംസ്ഥാന സർക്കാരിന്റെ അറിവോ സമ്മതമോ ഇല്ലാതെയും ജനപ്രതിനിധി സഭകളിൽ ചർച്ച ചെയ്യപ്പെടാതെയും നടത്തപ്പെടുന്ന ഇത്തരം കരാറുകളുടെ ഇരകളായ സാമാന്യജനങ്ങൾ അവരുടെ സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനും നടത്തുന്ന ഈ അധിനിവേശത്തിനെതിരെ ശക്തമായ പ്രക്ഷോഭം കക്ഷിഭേദമെന്യേ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.